പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 7845 | 23.07.2012-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## സദാചാര പോലീസ് അക്രമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ<br>ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ .കെ. വി. അബ്ദുൾഖാദർ<br>ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സദാചാര പോലീസ് ചമയുന്നത് വ്യക്തമായ ജാതി-മത താല്പര്യങ്ങൾ ഉള്ളവരാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) സദാചാരം സംരക്ഷിക്കാനെന്ന വ്യാജേന സാമൂഹ്യ വിരുദ്ധരും മറ്റും നടത്തുന്ന അതിക്രമ സംഭവങ്ങളിൽ ഭൂരിഭാഗവും മതമൗലിക യാഥാസ്ഥിതിക വാദികളാണ് നടത്തിയിട്ടുള്ളത് എന്നാണ് കാണുന്നത്. |
| (ബി) ഇവർ നടത്തുന്ന അതിക്രമങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (ബി) സദാചാരത്തിന്റെ പേരിൽ സാമൂഹ്യ വിരുദ്ധരും മറ്റും നടത്തുന്ന അതിക്രമ സംഭവങ്ങളിന്മേൽ കേസുകൾ രജിസ്റ്റർ ചെയ്ത് പ്രതികൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം സാമൂഹ്യവിരുദ്ധരെ നിയമത്തിന്റെ മുൻപിൽക്കൊണ്ടുവരുവാനും ഇത്തരം സംഭവങ്ങൾ മേലിൽ ഉണ്ടാകാതെ നോക്കുന്നതിനായും വിവിധ സന്നദ്ധസംഘടനകൾ, കുടുംബ യൂണിറ്റുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ദൃശ്യ – ശ്രാവ്യ മാധ്യമങ്ങൾ എന്നിവയുടെ സഹകരണത്തോടെ ജനമൈത്രി പോലീസ് പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. ഇത്തരം സംഭവങ്ങൾ തടയുന്നതിനായി പ്രധാനപ്പെട്ട സ്ഥലങ്ങളിലെല്ലാം പോലീസിനെ നിരീക്ഷണത്തിനായി വിന്യസിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പോലീസിന്റെ സഹായം ആവശ്യപ്പെടുവാൻ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത് സംബന്ധിച്ച് ഇതിനകം പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ എത്ര; ഈ സംഭവങ്ങളിൽ എത്ര പേരെ അറസ്റ്റ് ചെയ്യാൻ ബാക്കി നില്പുണ്ട്? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ഇത്തരം അക്രമ സംഭവങ്ങൾക്കെതിരെ 33 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് . ഈ സംഭവങ്ങളിൽ 49 പ്രതികളെ അറസ്റ്റ് ചെയ്യാൻ ബാക്കി നിൽപ്പുണ്ട്. |

സെക്ഷൻ ഓഫീസർ